# "പൂച്ച പാലു കുടിക്കുന്നതുപോലെയാണ് കോള കാര്യത്തിൽ സർക്കാർ കണ്ണും പൂട്ടിയിരിക്കുന്നത്" : മയിലമ്മ

**ആയിരം** ദിവസങ്ങളായി ഞങ്ങൾ സമരം ചെയ്യുന്നത് എല്ലാവരുടേയും വെള്ളത്തിനും മണ്ണിനും വായുവിനും വേണ്ടിയാണ്. എന്നിട്ടും ഗവൺമെന്റ്, നമ്മുടെ ഗവൺമെന്റ് തിരിഞ്ഞുനോക്കുന്നില്ല. നമ്മൾ വോട്ടുചെയ്തിട്ട് എം.എൽ.എ.മാരും എം.പി.മാരും മന്ത്രിമാരുമായവരാണവർ. എന്നിട്ടും സമരത്തിന്റെ കാര്യത്തിൽ അന്വേഷണമില്ല.

കൂലിപണിയെടുത്ത് ജീവിക്കുന്നവരാണ് ഞങ്ങൾ. ഇപ്പോൾ സമരം കാരണം പണിചെയ്ത് കുടുംബം നോക്കാനാകുന്നില്ല. ഇത്രയും പാവപ്പെട്ട ഞങ്ങൾ കഷ്ടപ്പെടുമ്പോൾ എന്തിനാണ് കഷ്ടപ്പെടുന്നതെന്ന് അവർ നോക്കുന്നില്ല.

എന്താണ് ഇതിന്റെ നടപടികൾ ഇത്രയും നാളായിട്ട് അന്വേഷിക്കാത്തത്? പണിയില്ലാതെ കഷ്ടപ്പെടുന്ന ഞങ്ങൾക്ക് നഷ്ടപരിഹാരം തരണം.



മയിലമ്മ

മാടിന് ലോൺ എടുത്ത് ഇപ്പോൾ ഒരു ലക്ഷം രൂപ തിരിച്ചടയ്ക്കാനുണ്ട്. 30,000 രൂപ വില്ലേജിൽ നിന്നും കടമെടുത്തതാണ്. പനി വന്ന് മാട് ചത്തു. ഡോക്ടർ വന്നുവെങ്കിലും എഴുതി തന്നില്ല. പലിശയും മുതലും വെളിയിലുള്ള കടങ്ങളുമടക്കം ഒരു ലക്ഷമായി. അടയ്ക്കാൻ തരമില്ല. ജപ്തി നോട്ടീസ് വന്ന് ഇരിയ്ക്കാനുള്ള ഇടംകൂടി ഇല്ലാതായാൽ ഗതി എന്താകുമെന്നറിയില്ല. ഇന്ന് വില്ലേജ് ഓഫീസിൽ കടങ്ങൾ നിർത്തിവെക്കണമെന്ന് പറഞ്ഞ് ആദിവാസികൾ ധർണ്ണ നടത്തിയിരുന്നു.

മൂന്നു കൊല്ലമായി വീട്ടിൽ കുട്ടികൾക്ക് തുണിയെടുത്തിട്ട്. വെളിയിൽ പറയാൻ കൊള്ളില്ലല്ലോ. വീട്ടിലുള്ളവർക്ക് അസുഖം വന്നാൽ പോലും ചികിത്സിക്കാൻ കഴിയുന്നില്ല. നമ്മൾ പെറ്റ കുട്ടിയെ കെട്ടിച്ചയച്ചാൽ അവരുടെ സുഖസൗകര്യം നാം നോക്കുന്നതുപോലെ നമ്മളേയും നോക്കേണ്ടവരാണ് സർക്കാർ. എന്നിട്ടും ഇത്രനാൾ സമരം നടന്നിട്ടും ഗവൺമെന്റ് കണ്ണും പൂട്ടിയിരിക്കുകയാണ്.

കുപ്പിവെള്ളം മുന്നിൽവെച്ച് അവർ മീററ്റിങ്ങ് കൂടുന്നു. പാടത്തും കൊടും വെയിലത്തും എത്രയോ പേർ ഇവിടെയുണ്ട്. അവർക്ക് എല്ലാവർക്കും ഇവിടെ എത്ര വെള്ളം വേണ്ടതാണ്. ഇവിടെ വെള്ളം കിട്ടാതെ വരുന്നത് ഗവൺമെന്റ് നോക്കുന്നില്ല.

ഞങ്ങൾക്ക് നഷ്ടപരിഹാരം തരാതെ ഞങ്ങൾ സമ്മതിക്കില്ല.

കേരളത്തിൽ വിഷു പോലെ പ്രധാനപ്പെട്ടതാണ് തമിഴ്നാട്ടിൽ വളർന്നവർക്ക് മകരപൊങ്കൽ. ഇവിടെയുള്ളവർക്ക് വിശേഷപ്പെട്ട ദിവസമാണ് ഈയാഴ്ച വരാൻ പോകുന്നത് (ജനുവരി 14, 15, 16). മകരപൊങ്കലിന് എല്ലാവർക്കും പുതിയ വസ്ത്രങ്ങളെടുക്കും. കെട്ടിച്ചയച്ച മക്കൾക്ക് സമ്മാനങ്ങൾ കൊടുക്കും. കഴിഞ്ഞ മൂന്നു വർഷമായി ഇവിടെ സമരം ചെയ്യുന്ന ഓരോ വീട്ടിലും മകരപൊങ്കൽ ആഘോഷിക്കാൻ പറ്റുന്നില്ല. ആർക്കും പണമില്ല.

പൂച്ച പാലു കുടിക്കുന്നതുപോലെയാണ് കോക്കകോള കാര്യത്തിൽ ഗവൺമെന്റ് കണ്ണും പൂട്ടിയിരിക്കുന്നത്.

*12-1-05 പ്ലാച്ചിമട സമരപന്തൽ*

## സമരം, ആദ്യകാലാനുഭവം

**ജയന്തി**

**ആദ്യകാലത്ത്** സമരം ചെയ്യാൻ വന്നപ്പോൾ സമരം ചെയ്യാൻ പാടില്ലായെന്ന് ഇവിടെയുള്ളവർ തന്നെ പറഞ്ഞു. സമരം ചെയ്താൽ തല്ലുകൊള്ളുമെന്ന് പറഞ്ഞു. പരിഹസിച്ചു പറഞ്ഞു.

കുടിയ്ക്കാൻ കഞ്ഞിയില്ലാതെ ചാലിൽ കിടക്കുന്ന പട്ടികളാണ് സമരക്കാർ എന്ന് പറഞ്ഞു.

പൊതുയോഗം കൂടുമ്പോൾ ഇവിടെയുള്ള ആൾക്കാർ തന്നെ ശണ്ഠയ്ക്ക് വരുമായിരുന്നു. ഉള്ളതും ഇല്ലാത്തതും പറഞ്ഞുകൊടുക്കുമെന്ന് പറഞ്ഞിരുന്നു. ഇവിടത്തെ വെള്ളം ശുദ്ധമാണ്, ഞങ്ങൾക്ക് കുടിക്കാൻ കൊഴപ്പമില്ലായെന്ന് ഒക്കെ പറഞ്ഞ് ശണ്ഠയ്ക്ക് വരുമായിരുന്നു.

